പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5342 — 2.07.2013 ൽ മറുപടിക്ക്

**ഭിന്നശേഷിയുള്ള കുട്ടികളെ പ്രോൽസാഹിപ്പിക്കാൻ ഐ.ടി. മിഷൻെറ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
| എ) ഭിന്നശേഷിയുള്ള കുട്ടികളുടെ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും അവരെ സ്വയംപര്യാപ്തരാക്കുന്നതിനും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ ഐ.ടി. മിഷൻ, പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഭിന്നശേഷിയുള്ള കുട്ടികളുടെ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും അവരെ സ്വയംപര്യാപ്തരാക്കുന്നതിനും സംസ്ഥാന ഐ.ടി. മിഷൻ ഇൻ സൈറ്റ് എന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ഭിന്നശേഷിയുള്ള വിഭാഗങ്ങൾക്കായി വിവരസാങ്കേതിക വിദ്യയിൽ പരിശീലനം നൽകുക, അവരെ സ്വയംപര്യാപ്തരാക്കുന്നതിന് അനുയോജ്യമായ സോഫ്റ്റ് വെയർ പാക്കേജുകൾ സ്വതന്ത്ര സോഫ്റ്റ് വെയറിൽ തയ്യാറാക്കുക, കപ്പാസിറ്റി ബിൽഡിങ്ങ് വഴി അവരെ സ്വയംപര്യാപ്തരാക്കാൻ സഹായിക്കുക, ഭിന്നശേഷിയുള്ളവർക്ക് ഒരു ടെക്നോളജി ഹബ് ആയി പ്രവർത്തിക്കുക തുടങ്ങിയവയാണ് ഇൻ സൈറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) സംസ്ഥാന ഐ.ടി. മിഷൻ സ്പേസ് (SPACE) ഏജൻസിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്പോൾ ഈ പദ്ധതി സാമൂഹ്യ നീതി വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഇൻ സൈറ്റ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പേസ് എന്ന ഏജൻസിയുമായി കരാറിലേർ പ്പെട്ടു. ഇതുപ്രകാരം ഇൻ സൈറ്റ് എന്ന പദ്ധതിയിലൂടെ ഭിന്നശേഷിയുള്ള വിഭാഗങ്ങൾക്കു വേണ്ടിയുള്ള പരിശീലനവും, സോഫ്റ്റ് വെയർ രൂപകല്പനയും സ്പേസിനെ ചുമതലപ്പെടുത്തുകയും പദ്ധതി നടത്തിപ്പിൻെറ ഭരണപരമായ ചുമതലയും സാമ്പത്തിക സഹായവും ഐ.ടി. മിഷൻ നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ